(ബി) 4-8-1997-ൽ.

(സി) ഏൽപ്പിച്ചിരുന്നു. 28-1-1999-ൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(ഡി) അരുവാപ്പുലം പഞ്ചായത്തിലെ വിവിധ ക്രമക്കേടുകളെക്കുറിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. ധാരാളം സാക്ഷികളെ നേരിൽക്കണ്ട് മൊഴി രേഖപ്പെടുത്തേണ്ടതുള്ളതിനാലും രേഖകൾ കണ്ടെടുത്ത് പരിശോധിക്കേണ്ടതിനാലും അന്വേഷണം പൂർത്തിയാക്കാൻ സമയം ആവശ്യമാണ്. അന്വേഷണം വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

## കുടുംബശ്രീ പദ്ധതി

113 (511) ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് 'കുടുംബശ്രീ' പദ്ധതിപ്രകാരം ചെലവാക്കിയ തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) കുടുംബശ്രീ പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച കേന്ദ്ര സഹായം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(സി) കുടംബശ്രീ പദ്ധതി പ്രകാരം പാവപ്പെട്ട എത്ര സ്ത്രീകൾക്കാണ് സഹായം നൽകിയിരിക്കുന്നതെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന കുടുംബശ്രീപദ്ധതി പ്രവർത്തനം ആരംഭിച്ചത് 10-4-1999 മുതലാണ്. ഈ പദ്ധതിയിൻ കീഴിൽ 99-2000 വർഷത്തിൽ 1,004.23 ലക്ഷം രൂപയും, 2000-2001 (31-1-2001 വരെ) 344.55 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ പദ്ധതിക്കുവേണ്ടി പ്രത്യേക കേന്ദ്രസഹായമായി 1998-99, 1999-2000 വർഷങ്ങളിൽ 2,000 ലക്ഷം രൂപ വീതവും 2000-2001 വർഷം 1000 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

(സി) കുടുംബശ്രീ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള വിവിധ പദ്ധതികളിൻ കീഴിൽ 31-1-2001 വരെ ആകെ 7806 വനിതകൾക്ക് സ്വയം തൊഴിൽ വായ്പ നൽകിയിട്ടുണ്ട്. ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം- IX

113 (571)-ാം നമ്പർ ചോദ്യം കാണുക

| ക്രമനമ്പർ | ജില്ല | സഹായം ലഭിച്ച സ്ത്രീകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 1268 |
| 2. | കൊല്ലം | 761 |
| 3. | പത്തനംതിട്ട | 265 |
| 4. | ആലപ്പുഴ | 708 |
| 5. | കോട്ടയം | 200 |
| 6. | ഇടുക്കി | 132 |
| 7. | എറണാകുളം | 1001 |
| 8. | തൃശ്ശൂർ | 613 |
| 9. | പാലക്കാട് | 695 |
| 10. | മലപ്പുറം | 316 |
| 11. | കോഴിക്കോട് | 892 |
| 12. | വയനാട് | 124 |
| 13. | കണ്ണൂർ | 636 |
| 14. | കാസർഗോഡ് | 175 |
| | | 7806 |

LIBRARY ARCHIVES Kerala Legislative Assembly